# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P12/270/2023 Dt: 28/03/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 28/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: KSA/PTA/P12/270/2023 Dt: 28/03/23 തീയ്യതി: 28/03/2023

## പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 14-03-2023 | 22-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-03-2023 | 22-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.പി.ബി.അരുൺ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ആർ തുളസീധരൻ പിള്ള | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ കെ ആർ രാജശേഖരൻ നായർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ പ്രദീപ് കുമാർ | ക്ഷീരവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രവീൺ പ്രകാശ് | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റാണി പി.ജി. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അരുൺ ജൂഡ് അൽഫോൺസ് | മെഡിക്കൽ ഓഫീസർ സിഎച്ച് സി | 01-04-2021 | 31-12-2021 |
| ഡോ.ബെറ്റ്സി ജേക്കബ് | മെഡിക്കൽ ഓഫീസർ സിഎച്ച് സി | 01-01-2022 | 31-03-2022 |
| ശ്രീ റോഷൻ ജോർജ്ജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി റാണി എസ് | സിഡിപിഒ | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീബ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ വിനോദ് എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 12-07-2021 |
| ശ്രീമതി സുനിതകുമാരി എസ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-07-2021 | 31-03-2022 |
| ശ്രീമതി ഷൈലജ എസ് | സിഡിപിഒ അഡീഷണൽ | 01-04-2021 | 31-05-2021 |
| ശ്രീമതി റാണി എസ് | സിഡിപിഒ അഡീഷണൽ | 01-06-2021 | 30-06-2021 |
| ശ്രീമതി ജയശ്രീ എം എൻ | സിഡിപിഒ അഡീഷണൽ | 01-07-2021 | 30-11-2021 |
| ശ്രീമതി ഷിബില ജെ | സിഡിപിഒ അഡീഷണൽ | 01-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | രസീതു പ്രകാരമുള്ള വരവ് തുകകൾ സാംഖ്യയിൽ അക്കൌണ്ട് ചെയ്തില്ല | 1-9 |
| 10 | പണം പിരിവ് - രസീതുകളുടെ വിനിയോഗം സുതാര്യമല്ല | 1-10 |
| 11 | തടി ലേലം - ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കേണ്ട തുക സർക്കാർ റവന്യൂവിലേക്ക് ഒടുക്കി | 1-11 |
| 12 | കാർഷിക കർമ്മസമിതികൾക്ക് കാർഷിക യന്ത്രങ്ങൾ നൽകൽ- വിതരണത്തിൽ സുതാര്യതയില്ല | 1-12 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മേഖലയിൽ പ്രോജക്ട് നടപ്പിലാക്കി | 1-13 |
| 14 | വിതരണം ചെയ്ത ശ്രവണ സഹായ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ല | 1-14 |
| 15 | ശിശുസൌഹൃദ പെയിന്റിംഗ് -നൽകിയ നിരക്ക് അനുവദനീയമാണോ എന്ന് പരിശോധിച്ചില്ല | 1-15 |
| 16 | മൂല്യവർദ്ധിത യൂണിറ്റ് - മോണിറ്ററിംഗ് നടത്തിയില്ല | 1-16 |
| 17 | വ്യവസായ വികസന ഓഫീസർ - പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 1-17 |
| 18 | റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ - സർക്കാരിന്റെ നിർദ്ദേശം പാലിച്ചില്ല | 1-18 |
| 19 | മുൻകൂർ പണമടച്ചിട്ടും മരുന്ന് ലഭിച്ചില്ല | 1-19 |
| 20 | കുടിവെള്ള കിണർ ശുചിത്വ കിണറാക്കൽ പദ്ധതി - സബ്സിഡി നൽകിയതിൽ അവ്യക്തത | 1-20 |
| 21 | സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല | 1-21 |
| 22 | പ്രവൃത്തികളുടെ പൂർത്തീകരണത്തോടൊപ്പം എസ്റ്റിമേറ്റ് പുതുക്കിയത് ക്രമവിരുദ്ധം | 1-22 |
| 23 | പശുവളർത്തൽ - സബിസിഡി അധികം നൽകി | 1-23 |
| 24 | പിഎംഎവൈ - തുക കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |

| | | |
|---|---|---|
| 25 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-25 |
| 26 | സി.എച്ച്.സി-യിലേക്ക് ഐസിയു ബെഡ്ഡിന് തുക ഒടുക്കിയെങ്കിലും ലഭിച്ചില്ല | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പശുവളർത്തൽ - സബ്സിഡി അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ്, 26.02.2021 ലെ (1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തൻവർഷം ബജറ്റ് പരിഷ്കരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2022തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 03.06.2022-ന് ഓഡിറ്റിനായി എയിംസിലൂടെ സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന 2021-22 സാമ്പത്തിക വർഷത്തെ സംക്ഷിപ്ത ധനകാര്യ റിസൾട്ടുകൾ ചുവടെ ചേർക്കുന്നു.

1. റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | |
|---|---|
| മുന്നിരിപ്പ് | 5308258 |
| വരവ് | 120043467 |
| ആകെ | 125351725 |
| ചെലവ് | 115758054 |
| നീക്കിയിരിപ്പ് | 9593671 |

2. ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആകെ വരവ് | 91386401 |
| ആകെ ചെലവ് | 78335686 |
| പ്രവർത്തന മിച്ചം | 13050715 |

3. 31.03.2022 പ്രകാരമുള്ള ബാലൻസ് ഷീറ്റ്

| | |
|---|---|
| ആകെ ആസ്തിമൂല്യം | 122566519 |
| ആകെ ബാധ്യത (ജനറൽ ഫണ്ട് ഒഴികെ) | 7925680 |
| ജനറൽ ഫണ്ട് | 114640839 |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. ഷെഡ്യൂൾ ബി2 – Development Fund For Transfer To Other LSGIs For Joint Venture Project ഇനത്തിൽ 9,67,170 രൂപ അവശേഷിക്കുന്നു. തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
2. ഷെഡ്യൂൾ ബി4 – ഗുണഭോക്തൃവിഹിതം ഇനത്തിൽ 1,17,530 രൂപ ചെലവഴിക്കുവാൻഅവശേഷിക്കുന്നു.
3. ഷെഡ്യൂൾ ബി7 -21-22 സാമ്പത്തിക വർഷം ഇ.എം.ഡി ഇനത്തിലും (ഉദാ. രസീത് നം. 121020100006, 121020100007) ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലും (രസീത് ബുക്ക് നം. 481, രസീത് നം. 01 മുതൽ 39 വരെ) വരവുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഈയിനങ്ങളിൽ വരവ് തുകയില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലില്ല. Other Receipts എന്ന ഹെഡ്ഡിലാണ് തുക വരവായി എടുത്തിട്ടുള്ളത്.
4. ഷെഡ്യൂൾ ബി18 – വാർഷിക ധനകാര്യ പത്രിക പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകയിൽ 25,23,000 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. മുൻ സാമ്പത്തിക വർഷം ക്രമീകരിക്കുവാൻ അവശേഷിച്ചിരുന്ന 73,90,043 രൂപയിൽ 48,67,043 രൂപ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല. (തൻവർഷം നിക്ഷേപിച്ച 18,93,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്)
5. ഷെഡ്യൂൾ ബി18 – പൊതുമരാമത്ത് വകുപ്പിൽ മുൻ സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ചെയ്ത 1,55,031 രൂപ മാത്രം ക്രമീകരിക്കുവാൻ അവശേഷിക്കുന്നതായാണ് വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ളത്. തൻവർഷം നിക്ഷേപിച്ച 6,30,000 രൂപയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിന്റെയോ തുക ക്രമീകരിച്ചതിന്റെയോ വിവരം ലഭ്യമല്ല.
6. ഷെഡ്യൂൾ ബി18 – മുൻ സാമ്പത്തിക വർഷം കേരള ഇലക്ട്രിസിറ്റി ബോർഡിൽ 14,40,949 രൂപയുടെ നിക്ഷേപം ക്രമീകരിക്കുവാൻ അവശേഷിച്ചിരുന്നു. ടി തുക തൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

7. Advance To Others എന്ന ഇനത്തിൽ 7,00,000 രൂപയും Other Deposit എന്ന ഇനത്തിൽ 74,77,000 രൂപയും ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. ഏതിനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്)

| | |
|---|---|
| മുന്നിരിപ്പ് | 5308258 |
| വരവ് | 120043467 |
| ആകെ | 125351725 |
| ചെലവ് | 115758054 |
| നീക്കിയിരിപ്പ് | 9593671 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | ലാപ്സായത്/നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 27922017 | 27922017 | 25635192 | 2286825 |
| വികസനഫണ്ട്-എസ്.സി.പി | 31002528 | 31002528 | 29428875 | 1573653 |
| വികസനഫണ്ട്-ടി.എസ്.പി | 59000 | 59000 | 59000 | 0 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 10715941 | 10715941 | 8356938 | 2359003 |
| സി.എഫ്.സി-ടൈഡ് | 14198897 | 14198897 | 8581309 | 5617588 |
| സി.എഫ്.സി-അൺ ടൈഡ് | 7811106 | 7811106 | 6925571 | 885535 |

കേന്ദ്രാവിഷ്കൃത /സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 294648 | 0 | 294648 | 0 | 294648 |
| ശുചിത്വ മിഷൻ | 530982 | 11213 | 542195 | 142300 | 399895 |
| നബാർഡ് | 689 | 0 | 689 | 0 | 689 |
| സാക്ഷരത | 111761 | 2270 | 114031 | 0 | 114031 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 127206333 | 108 | 84425851 | -- | 16 | 87% |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172 ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ എന്നിവയെക്കുറിച്ച് പ്രതിപാദിയ്ക്കുന്നു. ബ്ലോക്ക് തലത്തിൽ സർക്കാർ - സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക, ഗ്രാമപ്പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ ഉൾപ്പെടുന്നു. എന്നാൽ ഇതനുസരിച്ചുള്ള പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയില്ല. വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതികൾ നിർവ്വഹിയ്ക്കപ്പെട്ടില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പദ്ധതികൾ മുഖേന കാർഷിക സമിതികൾക്ക് യന്ത്രോപകരണങ്ങൾ വാങ്ങി നൽകിയത് ഇതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെയാണ്. കാർഷിക സമിതികളുമായി കരാറിൽ ഏർപ്പെടുകയോ യന്ത്രോപകരണങ്ങളുടെ വിനിയോഗം സുതാര്യമായ രീതിയിലാണെന്ന് മോണിട്ടറിംഗ് നടത്തുകയോ ചെയ്തില്ല. ശിശുവികസന പ്രോജക്ട് ഓഫീസർ നിർവ്വഹിച്ച "ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ " എന്ന പദ്ധതി പ്രകാരം വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയ ശ്രവണസഹായികൾ ഗുണനിലവാരം ഇല്ലാത്തതായതിനാൽ പ്രവർത്തനരഹിതമായി.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ) 11/2018/ LSGD/29.1.2018) ഖണ്ഡിക 7.13 പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉള്ളതും 6 മീറ്ററിൽ കുറയാത്ത വീതിയുള്ളതുമായ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക്

പഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ആയതിന് ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങേണ്ടതാണ് എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിയ്ക്കാതെയാണ് മിക്ക റോഡ് പുനരുദ്ധാരണ പ്രവൃത്തികളും നടപ്പാക്കിയത്. ഭൂരിഭാഗം പൊതുമരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയത്. മേൽസൂചിപ്പിച്ച അപാകം ഒഴിച്ചാൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്മേൽ ഉണ്ടായ മേൽനോട്ടം തൃപ്തികരമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.03.2022ന് 3.50 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുക ഇല്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പദ്ധതി നിർവ്വഹണം, ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിന്മേലുള്ള മേൽനോട്ടം, തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിയ്ക്കൽ എന്നിങ്ങനെ വിവിധ മേഖലകൾ പരിശോധിച്ചതിൽ ആഭ്യന്തര നിയന്ത്രണത്തെ സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:

സാംഖ്യ രസീതുകളുടെ കൌണ്ടർ ഫോയിൽ പരിശോധിച്ചതിൽ, അവ പ്രിന്റ് ചെയ്യപ്പെട്ടിട്ടില്ല എന്നും സാംഖ്യ രസീതിനുവേണ്ടിയുള്ള സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത് എന്നും കണ്ടു. ഇത് ചട്ടവിരുദ്ധമാണ്. സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള സ്റ്റേഷനറി ലഭിച്ചതിന്റെയും ഉപയോഗിച്ചതിന്റെയും നാളിതുവരെയുള്ള കണക്കുകൾ സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്ത 481-ാം നമ്പർ രസീത് ബുക്ക് ഉപയോഗിച്ചാണ് 18.11.2020മുതൽ 11.10.2021വരെയുള്ള കാലയളവിൽ വരവ് തുകകൾ സ്വീകരിച്ചിട്ടുള്ളത്.

ടെണ്ടർ ഫോമിന്റെ വില ഇനത്തിൽ വരവ് വന്ന തുക പൂർണ്ണമായും സാംഖ്യയിൽ അക്കൗണ്ട് ചെയ്തിരുന്നില്ല. വിവിധ ഇനങ്ങളിലുള്ള ഡെപ്പോസിറ്റുകൾ ( നിരതദ്രവ്യം/സെക്യൂരിറ്റി ഡെപ്പോസിറ്റ്/ഇലക്ഷൻ ഡെപ്പോസിറ്റ്) "Other Receipts" എന്ന തെറ്റായ ഹെഡിലാണ് അക്കൗണ്ട് ചെയ്തത്. ആയതിനാൽ തിരികെ നൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ സംക്ഷിപ്ത വിവരം രജിസ്റ്ററിൽ എഴുതിയിട്ടില്ല. ജീവനക്കാർക്ക് നൽകിയ താൽക്കാലിക മുൻകൂറുകൾ സംബന്ധിച്ച വിവരം അഡ്വാൻസ് രജിസ്റ്ററിൽ എഴുതിയിട്ടില്ല. എന്നാൽ നൽകിയ മുൻകൂറുകൾ തിരികെ വാങ്ങി ക്രമീകരിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് തുക വിനിയോഗിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചശേഷം അവശേഷിച്ച തുക തിരികെ വാങ്ങുകയും വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൗച്ചറുകളുടെയും പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്.

കടമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചശേഷം ഇലക്ട്രിഫിക്കേഷൻ നടത്താഞ്ഞതിനാൽ യഥാസമയം വാടകക്കാർക്ക് വൈദ്യുതി സൗകര്യം ഏർപ്പെടുത്താനായില്ല. വാടകക്കുടിശ്ശിക പിരിച്ചെടുക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല. ചെറുകിട വ്യവസായ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യം ഏർപ്പെടുത്തി തങ്ങളുടെ ചുമതലകൾ നിറവേറ്റുന്നതിന് ഉതകുംവിധമുള്ള പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കഴിഞ്ഞില്ല.

മേൽസൂചിപ്പിച്ച അപാകങ്ങൾ പരിഹരിയ്ക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.03.2016 | 2014-15 | 08.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2016 | 2011-12 To 2012-13 | 21.04.2016 |

## 1-9 രസീതു പ്രകാരമുള്ള വരവ് തുകകൾ സാംഖ്യയിൽ അക്കൌണ്ട് ചെയ്തില്ല

ടെണ്ടർ ഫോം വില്പന ഇനത്തിൽ, മാനുവൽ രസീതു പ്രകാരം പിരിച്ചെടുത്ത, ചുവടെ പറയുന്ന തുക സാംഖ്യയിൽ അക്കൌണ്ട് ചെയ്തിട്ടില്ല.

| രസീത് ബുക്ക് നമ്പർ | രസീതു നം /തീയതി | തുക |
|---|---|---|
| 481 | 40/14.06.2021 | 1000 |
| 481 | 41/ 11.10.2021 | 1000 |

| | | |
|---|---|---|
| 481 | 42/ 11.10.2021 | 1000 |

ഈ വിഷയം ഓഡിറ്റ് എൻക്വയറി (18/21.03.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വരവ് തുകകളെല്ലാം സാംഖ്യയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 പണം പിരിവ് - രസീതുകളുടെ വിനിയോഗം സുതാര്യമല്ല

ബ്ലോക്ക് പഞ്ചായത്തിലെ 01.04.2021 മുതൽ 31.12.2022 വരെയുള്ള രസീതുകൾ പരിശോധിച്ചത് പ്രകാരം ചുവടെ പറയുന്ന അപാകതകൾ കണ്ടു.

1. സാംഖ്യ രസീതുകൾ - കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ് ) ചട്ടങ്ങൾ പാലിച്ചില്ല

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 01.04.2011ൽ നിലവിൽവന്നിട്ടുണ്ട്.

അക്കൌണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ, പഞ്ചായത്തിൽ ലഭിക്കുന്ന തുകകൾക്ക് കമ്പ്യൂട്ടർവൽകൃത രസീതുകൾ നൽകേണ്ടതും, അതിനായി സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതുമാണെന്ന് ചട്ടം 20 (ഡി) നിഷ്കർഷിക്കുന്നു. 2021ഏപ്രിൽ മുതൽ ബ്ലോക്ക് പഞ്ചായത്തിനു രസീതു മുഖേന ലഭിച്ച വരവ് തുകകളുടെ വിവരം പരിശോധിക്കുന്നതിനായി ഓഡിറ്റിന് ലഭ്യമാക്കിയ സാംഖ്യ രസീതുകളുടെ കൌണ്ടർ ഫോയിൽ പരിശോധിച്ചതിൽ, അവ പ്രിന്റ് ചെയ്യപ്പെട്ടിട്ടില്ല എന്നു കണ്ടു. സാംഖ്യ രസീതിനുവേണ്ടിയുള്ള സ്റ്റേഷനറിയിൽ പേന ഉപയോഗിച്ച് എഴുതി രസീത് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇത് ചട്ടവിരുദ്ധമാണ്. പണം പിരിവിലെ സുതാര്യതയില്ലായ്മയാണിത് സൂചിപ്പിക്കുന്നത്.

2.രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല

രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, മാനുവൽ രസീതു ബുക്കുകൾ മാത്രമേ സ്റ്റോക്കിൽ എടുത്തിട്ടുള്ളൂ എന്ന് വ്യക്തമായി. സാംഖ്യ രസീതുകൾ നൽകുന്നതിനുള്ള സ്റ്റേഷനറി ലഭിച്ചതിന്റെയും ഉപയോഗിച്ചതിന്റെയും നാളിതുവരെയുള്ള കണക്കുകൾ സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ എന്നുമുതലാണ് സാംഖ്യ രസീതുകൾ നൽകിത്തുടങ്ങിയതെന്നും, ഇനി എത്ര സ്റ്റേഷനറി ബാക്കിയുണ്ടെന്നും പരിശോധിക്കാൻ സാധിച്ചില്ല.

3.സ്റ്റോക്ക് രജിസ്ററിൽ ഇല്ലാത്ത രസീത് ബുക്ക് ഉപയോഗിച്ചുവരുന്നു

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പത്ത് രസീതു ബുക്കുകളാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത് (തീയതി ഇല്ല). ബുക്ക് നം.487, 489 എന്നിവ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ കൈപ്പറ്റിയിട്ടുണ്ട്. ബുക്ക് നം.449 എഞ്ചിനീയറിംഗ് വിംഗും, ബുക്ക് നം.477 മെഡിക്കൽ ഓഫീസറും കൈപ്പറ്റിയിട്ടുണ്ട്. ബുക്ക് നം.479 ബ്ലോക്ക് പഞ്ചായത്തിലെ ആവശ്യത്തിന് പൂർണ്ണമായും ഉപയോഗിച്ചിട്ടുണ്ട്. ഉപയോഗിക്കാത്ത അഞ്ച് രസീതു ബുക്കുകൾ (നമ്പർ 245, 282, 448, 450, 478) ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ലാത്ത 481-ാം നമ്പർ രസീത് ബുക്ക് ഉപയോഗിച്ചാണ് 18.11.2020 മുതൽ 11.10.2021 വരെയുള്ള കാലയളവിൽ വരവ് തുകകൾ സ്വീകരിച്ചിട്ടുള്ളത്. വാങ്ങിയ രസീത് ബുക്കുകൾ പൂർണ്ണമായും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (16/21.03.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് 2021-22 മുതൽ ഉപയോഗിച്ച സാംഖ്യ രസീത് വിവരങ്ങൾ മാത്രം രേഖപ്പെടുത്തി, രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കി. സാംഖ്യ സ്റ്റേഷനറി ലഭിച്ചതിന്റെ വിവരവും നാളിതുവരെ ഉപയോഗിച്ചതിന്റെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല. അതിനാൽ സാംഖ്യാ സ്റ്റേഷനറിയുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല,

സാംഖ്യാ സ്റ്റേഷനറിയുടെ സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാതിരുന്നതും, സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത രസീത് ബുക്ക് ഉപയോഗിച്ചതും സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തി, തുടർ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-11 തടി ലേലം - ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടയ്ക്കേണ്ട തുക സർക്കാർ റവന്യൂവിലേക്ക് ഒടുക്കി

ഏനാദിമംഗലം സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ കോമ്പൌണ്ടിൽ നിന്നും മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്ത ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതിനു പകരം സർക്കാർ റവന്യൂ ശീർഷകത്തിൽ ട്രഷറിയിൽ അടച്ചു.

ആശുപത്രിയിലെ കെട്ടിടങ്ങൾക്ക് അപകട ഭീഷണിയായി നിന്ന മരങ്ങൾ മുറിച്ചു മാറ്റി അട്ടിയിടുന്നതിനുള്ള കൂലിയായി ശ്രീ രാജേഷ് കുമാർ എന്ന വ്യക്തിക്ക് ബ്ലോക്ക് പഞ്ചായത്തിൽനിന്ന് 45000 രൂപ നൽകുകയും, മുറിച്ചുമാറ്റിയ മരങ്ങൾ

ലേലം ചെയ്യുന്നതിന് മെഡിക്കൽ ഓഫീസറെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തടികൾക്ക് 56829 രൂപയാണ് സാമൂഹ്യ വനവത്ക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മൂല്യം നിർണ്ണയിച്ചത്. ലേലം നടത്തിയതിൽ, ഉയർന്ന വിലയായ 58000 രൂപ വാഗ്ദാനം ചെയ്ത ശ്രീ റഷീദ്, തൻസീർ മൻസിൽ, എരുവ എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകി. ശ്രീ റഷീദിൽനിന്ന് ലേലത്തുകയും 10440രൂപ ജിഎസ്ടിയും 3422രൂപ വന വികസന നികുതിയും ഉൾപ്പെടെ 71862 രൂപ ഈടാക്കി. ഇതിൽ 58000രൂപ, ട്രഷറിയിലെ 0210-01-800-98-other Receipt എന്ന ഹെഡ്ഡിലും, 3422രൂപ, 0406-01-101-96-00-00-FT എന്ന ഹെഡ്ഡിലുമാണ് ഒടുക്കിയത്.

ബ്ലോക്ക് പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനമായ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ ഭാഗമായുള്ള വരവ് തുകകൾ പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 കാർഷിക കർമ്മസമിതികൾക്ക് കാർഷിക യന്ത്രങ്ങൾ നൽകൽ-വിതരണത്തിൽ സുതാര്യതയില്ല

കൊടുമൺ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസമിതികൾക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകുന്നതിനായി രൂപീകരിച്ച് നടപ്പിലാക്കിയ പദ്ധതി (പ്രോ.നം. 146/22) പ്രകാരം വികസനഫണ്ട് ഇനത്തിൽ 10,57,540 രൂപ (ബിൽ നം. 11/27.03.22) ചെലവഴിച്ച് പവർ ടില്ലർ-1, ബെയിലർ-1, മിനി ട്രാക്ടർ-1 എന്നിവ വാങ്ങിയിട്ടുണ്ട്. RAIDCO Kerala Ltd പത്തനംതിട്ട ബ്രാഞ്ചിൽ നിന്ന് വാങ്ങിയ ടി ഉപകരണങ്ങളുടെ ആകെ ഇൻവോയിസ് തുക 11,75,045 രൂപയാണ്. ഇതിൽ 10% തുക ഗുണഭോക്തൃവിഹിതം ഇനത്തിൽ ഒടുക്കേണ്ടതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കാർഷിക യന്ത്രോപകരണങ്ങളുടെ വിതരണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. കൊടുമൺ, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസമിതികൾക്ക് വിതരണം ചെയ്യുന്നതിനായാണ് യന്ത്രോപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഇതിൽകൊടുമൺ കാർഷിക കർമ്മസേന ഒരു മിനി ട്രാക്ടറും ഒരു ബെയിലറും കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കിയിട്ടുണ്ട്. പവർ ടില്ലർ ആർക്കുനൽകി എന്നതിന്റെ രേഖകൾ ലഭ്യമല്ല. പവർ ടില്ലർ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കുവെന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് കാർഷിക കർമ്മസമിതി, നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടി ലഭ്യമല്ല.
2. ഉപകരണങ്ങൾ കൈപ്പറ്റിയ കൊടുമൺ കർമ്മസമിതികൾക്ക് ടി ഉപകരണങ്ങളുടെ ആവശ്യകത വിശദീകരിക്കുന്ന ബന്ധപ്പെട്ട കൃഷി ഓഫീസറുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പവർ ടില്ലറിന്റെ ആവശ്യകത വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമല്ല.
3. കൃഷി ഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസമിതിയ്ക്കാണ് പവർ ടില്ലർ വിതരണം ചെയ്തിട്ടുള്ളതെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമല്ല.
4. ഉപകരണങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായും, ഉപകരണങ്ങൾ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സ്ഥാപനതലത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിച്ചതിന്റെ വിവരം ലഭ്യമല്ല. വിതരണം ചെയ്ത ഉപകരണങ്ങളുടെ പരിപാലനം സംബന്ധിച്ച് നിരീക്ഷണം നടത്തേണ്ടത് മോണിട്ടറിംഗ് സമിതിയുടെ ചുമതലയാണ്.
5. ഗുണഭോക്തൃവിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുക RAIDCO Kerala Ltd-ന് കൈമാറിയതിന്റെ രേഖകൾ ലഭ്യമല്ല.
6. യന്ത്രോപകരണങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കർമ്മസമിതിയ്ക്ക് ഏതെങ്കിലും നിലയ്ക്ക് പരിശീലനം നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

പവർ ടില്ലറിന്റെ വിതരണ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഇതിനായി വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച 1,78,650 രൂപ (1,98,500 രൂപയുടെ 90%) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണത്തിന്റെ വിതരണ വിവരവും മറ്റ് അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകളും ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-13 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത മേഖലയിൽ പ്രോജക്ട് നടപ്പിലാക്കി

വിവിധ ഡിവിഷനുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി താഴെപ്പറയുന്ന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ല.

| പ്രോജക്ട് നം /പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| 126/2022 – അങ്ങാടിക്കൽ ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ എൽഇഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 535500 |
| 127/2022 – കൈതപ്പറമ്പ് ഡിവിഷനിലെ വിവിധ പ്രദേശങ്ങളിൽ എൽഇഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 892500 |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1) -ാം വകുപ്പിന്റെ മൂന്നാം പട്ടികയിൽ ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ വിശദീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം തെരുവുവിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ ചുമതലയാണെന്ന് വകുപ്പ് 172(1) ന്റെ നാലാം പട്ടികയിൽ പറയുന്നുണ്ട്. അത്തരം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട, തെരുവുവിളക്ക് സ്ഥാപിക്കൽ എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ചത് ക്രമപ്രകാരമല്ല.

അനർട്ടിന്റെ അംഗീകാരമുള്ള, എക്കോമേറ്റ് എനർജി സൊല്യൂഷൻ, പെരുമ്പാവൂർ എന്ന സ്ഥാപനം മുഖേനയാണ് എൽഇഡി ലൈറ്റുകൾ സ്ഥാപിച്ചത്. സ്ഥാപിച്ച ലൈറ്റുകളുടെ മേൽനോട്ടം, തുടർ പരിപാലനം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടിട്ടില്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (19/21.03.2023) മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-14 വിതരണം ചെയ്ത ശ്രവണ സഹായ ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ല

പ്രോജക്ട് നം.12/2022 – "ഭിന്നശേഷിയുള്ളവർക്ക് സഹായ ഉപകരണങ്ങളുടെ വിതരണം"

ശിശുവികസന പദ്ധതി ഓഫീസർ നടപ്പാക്കിയ ടി പ്രോജക്ട് പ്രകാരം വിതരണം ചെയ്ത ശ്രവണ സഹായ ഉപകരണങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല. വാറന്റി കാലയളവിലാണ് ഇവ കേടായിട്ടുള്ളത്. പതിനൊന്ന് പേർക്ക് ശ്രവണ സഹായികൾ വിതരണം ചെയ്തിട്ടുണ്ട്. പരിശോധിച്ച് അനുയോജ്യത ഉറപ്പുവരുത്താതെ നൽകിയതിനാൽ ഇവയിൽ പലതും പ്രയോജനപ്പെട്ടില്ല.

സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടറിൽ വിജയിച്ച, പെർഫെക്ട് മെഡിക്കൽ എക്യുപ്മെന്റ്സിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഉപകരണങ്ങൾക്ക് മതിയായ വാറന്റി ഉറപ്പുവരുത്താതെയാണ് അവ വാങ്ങിയത്. അതിനാൽ രേഷ്മ എന്ന കുട്ടിക്ക് ലഭിച്ച ശ്രവണ സഹായിയുടെ ബാറ്ററി ഒരു മാസത്തിനകം കേടാകുകയും, സ്വന്തം നിലയിൽ ബാറ്ററി മാറ്റിയിടേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു. ആദിത്യ എന്ന ഗുണഭോക്താവിനും ഇതേ അനുഭവം ഉണ്ടായി. രേഷ്മയുടെയും ആദിത്യയുടെയും രക്ഷിതാക്കൾ ഈ വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. വില്പനാനന്തര സേവനം ഉറപ്പുവരുത്താതെ കരാർ ചമച്ചത് ശരിയായ നടപടിയല്ല.

കേടായ ഉപകരണങ്ങൾ കമ്പനിയുടെ ചെലവിൽ അറ്റകുറ്റപ്പണികൾ നടത്തി, പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ശിശുസൌഹൃദ പെയിന്റിംഗ് -നൽകിയ നിരക്ക് അനുവദനീയമാണോ എന്ന് പരിശോധിച്ചില്ല

പ്രോജക്ട് നം.39/2022 - മാതൃകാ ശിശു സൌഹൃദ അങ്കണവാടി

ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹിച്ച "മാതൃകാ ശിശു സൌഹൃദ അങ്കണവാടി" എന്ന പ്രോജക്ടിന്റെ ഭാഗമായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള പതിനഞ്ച് അങ്കണവാടികളിൽ ശിശു സൌഹൃദ പെയിന്റിംഗ് നടത്തിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് പേർ പങ്കെടുത്തു. ഇവരിൽ ശ്രീ വിപിൻരാജ് കെ എന്ന വ്യക്തി സമർപ്പിച്ച ₹55/sq.feet എന്ന നിരക്ക് 04.02.2022ലെ കമ്മറ്റിയുടെ 1(2)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 8175.5 ച.അടി സ്ഥലത്ത് പെയിന്റിംഗ് പൂർത്തീകരിച്ചതായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 503610.8 രൂപ പ്രവൃത്തിമൂല്യം നിശ്ചയിക്കുകയും അത് 500000 രൂപ ആയി പരിമിതപ്പെടുത്തി, ആദായ നികുതി, ജി.എസ്.റ്റി ഇനങ്ങളിലായി 15000 രൂപ കുറവ് ചെയ്തശേഷം 485000 രൂപ ശ്രീ വിപിൻരാജിനു നൽകുകയും ചെയ്തിട്ടുണ്ട്.

ശിശുസൌഹൃദ പെയിന്റിംഗ് നടത്തുന്നതിന് അംഗീകൃത നിരക്ക് ലഭ്യമാണോ എന്നതു സംബന്ധിച്ച് പരിശോധന കൂടാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ച.മീറ്ററിന് 55 രൂപ എന്നത് അംഗീകൃത നിരക്കാണെന്ന് ഉറപ്പുവരുത്തിയിട്ടാണോ കരാർ നൽകിയത് എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല. ഈ പ്രവൃത്തിക്ക്

നൽകേണ്ട അംഗീകൃത നിരക്ക് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 1-16 മൂല്യവർദ്ധിത യൂണിറ്റ് - മോണിറ്ററിംഗ് നടത്തിയില്ല

പ്രോജക്ട് നം.143/2022 – മൂല്യവർദ്ധിത യൂണിറ്റ് - കൊടുമൺ പഞ്ചായത്ത്

കാർഷിക കൂട്ടായ്മകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിനായി 500000 രൂപ കൊടുമൺ ഗ്രാമപ്പഞ്ചായത്തിനു നൽകിയിട്ടുണ്ടെങ്കിലും ഈ തുക എപ്രകാരം ചെലവഴിച്ചു എന്നതു സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

കൊടുമൺ ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന കൊടുമൺ ഫാർമേഴ്സ് സൊസൈറ്റി, കൊടുമൺ രുചീസ്, ഇക്കോ ഷോപ്പ്, കാർഷിക കർമ്മസേന എന്നീ കൂട്ടായ്മകൾക്ക് പ്രാദേശിക ഉല്പന്നങ്ങൾ സംഭരിച്ച് മൂല്യ വർദ്ധനവ് നടത്തി വിപണനം നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും, മികച്ച പായ്ക്കിംഗ് സംവിധാനം, വിപണന കേന്ദ്രം സജ്ജമാക്കൽ, വാടക, ഉപകരണം, ശീതീകരണ സംവിധാനം എന്നിവ ഒരുക്കി വിപണന കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനും ഗ്രാന്റ് നൽകുക " എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് പഞ്ചായത്തും കൊടുമൺ ഗ്രാമപ്പഞ്ചായത്തും സംയുക്തമായി ആവിഷ്കരിച്ച പ്രോജക്ടാണിത്. പ്രോജക്ടിൽ വകയിരുത്തിയത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 500000 രൂപ, കൊടുമൺ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ 18.03.2022ലെ സി1-1848/2022-ാം നമ്പർ കത്തിലെ ആവശ്യപ്രകാരം പഞ്ചായത്തിന്റെ ട്രഷറി അക്കൌണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതുപോലെ, 2021-22 ലെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് കൊടുമൺ ഫാർമേഴ്സ് സൊസൈറ്റി, കൊടുമൺ രുചീസ്, ഇക്കോ ഷോപ്പ്, കാർഷികസകർമ്മസേന എന്നിവ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പുതുതായി നടത്തിയതെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

വിപണനകേന്ദ്രം സജ്ജമാക്കൽ, പ്രാദേശിക ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യൽ എന്നിവ മോണിറ്ററിംഗിന് വിധേയമാക്കുമെന്ന് പ്രോജക്ടിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ അപ്രകാരം മോണിറ്ററിംഗ് നടത്തിയിട്ടില്ല. അതിനാൽ പഞ്ചായത്തിനു കൈമാറിയ തുകയുടെ വിനിയോഗമോ പ്രോജക്ടിന്റെ ഫലപ്രാപ്തിയോ സംബന്ധിച്ച പരിശോധന സാദ്ധ്യമായിട്ടില്ല. പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട്, നൽകിയ തുകയുടെ വിശദമായ വിനിയോഗ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 500000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 വ്യവസായ വികസന ഓഫീസർ - പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

ചെറുകിട വ്യവസായ മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റ് വർഷം ഒരു പദ്ധതി പോലും നടപ്പാക്കിയില്ല. ഭക്ഷ്യ മൂല്യവർദ്ധിത ഉൽപ്പന്നയൂണിറ്റിനായി 20 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി (S122/22) ആവിഷ്കരിച്ചെങ്കിലും ആയത് നടപ്പാക്കിയില്ല. 2018-19 മുതൽ 2020-21 വരെ കാലയളവിൽ ഓരോ പദ്ധതി നടപ്പാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2018-19 | യുവാക്കൾക്ക് ഓട്ടോറിക്ഷ S20/2019 | 3250000 | 270000 |
| 2019-20 | ഷീ ഓട്ടോറിക്ഷാ- സബ്സിഡി S36/2020 | 750000 | 140000 |
| 2020-21 | വനിതകൾക്കായി പ്ലാസ്റ്റിക് ബദൽ ഉൽപ്പന്ന നിർമ്മാണവും ഗാർമെന്റ്സ് യൂണിറ്റും (S12/2021) | 1000000 | 850000 |

വനിതകൾക്കായി പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നനിർമ്മാണത്തിനും ഗാർമെന്റ്സ് യൂണിറ്റിനുമായി ആവിഷ്കരിച്ച പദ്ധതി (S12/2021) പ്രകാരം 850000 രൂപ 2020-21 ൽ ചെലവഴിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ തുടർമോണിറ്ററിംഗ് നടത്തിയതായി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. 2018-19, 2019-20 വർഷങ്ങളിൽ പദ്ധതിച്ചെലവ് നാമമാത്രമായിരുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 172 ാം വകുപ്പ് (1)-ാം ഉപവകുപ്പ് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകൾ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു. ബ്ലോക്ക് തലത്തിൽ സർക്കാർ - സർക്കാരിതര സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുക, ഗ്രാമപ്പഞ്ചായത്തുകൾക്ക്

സാങ്കേതിക സഹായം നൽകുക എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിൽ ഉൾപ്പെടുന്നു. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, വ്യവസായമേഖലയിൽ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക എന്നിവ മേഖലാ ചുമതലകളിൽ ഉൾപ്പെടുന്നു. എന്നാൽ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിറവേറ്റുന്നതിന് ഉതകുംവിധം വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതികൾ നിർവ്വഹിക്കപ്പെട്ടിട്ടില്ല. അപാകം സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയത്തിൽ ഭരണതല നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## 1-18 റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ - സർക്കാരിന്റെ നിർദ്ദേശം പാലിച്ചില്ല

ഗ്രാമപ്പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ) 11/2018/ LSGD/29.1.2018) ഖണ്ഡിക 7.13 പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉള്ളതും 6 മീറ്ററിൽ കുറയാത്ത വീതിയുള്ളതുമായ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ആയതിന് ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങേണ്ടതാണ് എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. എന്നാൽ അതാത് പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ സഹിതം ആ സ്ഥാപനങ്ങളുടെ രേഖാമൂലമുള്ള അനുമതിയോടെയല്ല പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത് എന്നതും എല്ലാ റോഡ് പ്രവൃത്തികളിലും വീതി 6 മീറ്ററിൽ കുറവാണ് എന്നതും ന്യൂനതയാണ്.

അപാകത്തിന്മേൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-19 മുൻകൂർ പണമടച്ചിട്ടും മരുന്ന് ലഭിച്ചില്ല

ഏനാദിമംഗലം സിഎച്ച്സിയിലേക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് (നം.30/2022) പ്രകാരം 1948410 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ 1775786 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 172624 രൂപയ്ക്കുള്ള മരുന്ന് ലഭിക്കാനുണ്ട്. അവശേഷിക്കുന്ന മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കുടിവെള്ള കിണർ ശുചിത്വ കിണറാക്കൽ പദ്ധതി - സബ്സിഡി നൽകിയതിൽ അവ്യക്തത

പട്ടികജാതി കുടുംബങ്ങളുടെ കിണറുകൾ ശുചിത്വ കിണറാക്കൽ പദ്ധതിയുടെ (പ്രോ.നം. 22/22) ഭാഗമായി പ്രത്യേക ഘടകപദ്ധതി ഫണ്ട് ഇനത്തിൽ 21,65,481 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 2 ഗുണഭോക്താക്കൾക്ക് സബ്സിഡിതുക ഗഡുക്കളായി വിതരണം ചെയ്തതിൽ ഉണ്ടായ അപാകത താഴെച്ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ വിവരം | നൽകിയ തുക | അപാകത |
|---|---|---|---|
| 1 | മണി വാസുദേവൻ<br>വർണാലയം,<br>കൊടുമൺ | 12500,<br>191/25.11.21<br>12500,<br>344/29.01.22<br>12500,<br>483/17.03.22 | പരമാവധി 25,000 രൂപ വീതമാണ് പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് വകയിരുത്തിയിട്ടുള്ളത്. 12,500 രൂപ അധികമായി അനുവദിച്ചു. |
| 2 | മണിയമ്മ<br>പാലവിളയിൽ,<br>പള്ളിക്കൽ | 12500,<br>424/26.02.22 | 28,000 രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രണ്ടാം ഗഡു തുക അനുവദിച്ചിട്ടില്ല. |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 02/18.03.22) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയതിൽ, ശ്രീമതി മണിയമ്മ, പാലവിളയിൽ എന്ന ഗുണഭോക്താവിന് അനുവദിക്കേണ്ടിയിരുന്ന 12,500 രൂപ ശ്രീമതി മണി വാസുദേവൻ, വർണാലയം എന്ന ഗുണഭോക്താവിന് തെറ്റായി അനുവദിച്ച് നൽകുകയായിരുന്നുവെന്നും ശ്രീമതി മണി വാസുദേവന് അധികമായി അനുവദിച്ചു നൽകിയ 12,500 രൂപ തിരികെ ഈടാക്കുകയും, ടി തുക ശ്രീമതി മണിയമ്മ, പാലവിളയിൽ, പള്ളിക്കൽ എന്ന ഗുണഭോക്താവിന് നൽകുകയും ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഈടാക്കിയതിന്റെയും ടി തുക യഥാർത്ഥ

ഗുണഭോക്താവിന് നൽകിയതിന്റെയും രേഖകൾ ലഭ്യമല്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പ്രകാരം, ശ്രീമതി മണി വാസുദേവൻ, വർണാലയം, കൊടുമൺ എന്ന ഗുണഭോക്താവിന് 12,500 രൂപ അധികമായി അനുവദിച്ച എന്ന വസ്തുത നിലനിൽക്കുന്നു. അധികമായി ഒരു ഗുണഭോക്താവിന് അനുവദിച്ച തുക തിരികെ ഈടാക്കിയതിന്റെയും ടി തുക യഥാർത്ഥ ഗുണഭോക്താവിന് നൽകിയതിന്റെയും രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 12,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം നൽകിയ തുക തിരികെ ലഭിച്ചിട്ടില്ല

കോവിഡ് സാഹചര്യത്തിൽ 2020 കാലഘട്ടത്തിൽ തുടർ വിദ്യാഭ്യാസ പദ്ധതികളുടെ രജിസ്ട്രേഷൻ നടക്കാതിരുന്നതിനാൽ സാക്ഷരതാ മിഷന് തനത്ഫണ്ട് ഇനത്തിൽ കുറവുണ്ടായതിനെത്തുടർന്ന്, 2020 ഡിസംബർ മുതൽ 2021 മാർച്ച് മാസം വരെയുള്ള ഓണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്ഫണ്ടിൽ നിന്ന് നൽകുന്നതിന് 26.02.2021-ലെ സ.ഉ.(സാധാ) നം. 626/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, 4 മാസത്തെ ഓണറേറിയം ഇനത്തിൽ 73,350 രൂപ, ബ്ലോക്ക് പഞ്ചായത്ത് നോഡൽ പ്രേരക് മാർക്ക് തനതുഫണ്ടിൽ നിന്ന് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക തിരികെ അനുവദിച്ച് കിട്ടിയിട്ടില്ല. തുക തിരികെ അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 പ്രവൃത്തികളുടെ പൂർത്തീകരണത്തോടൊപ്പം എസ്റ്റിമേറ്റ് പുതുക്കിയത് ക്രമവിരുദ്ധം

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് സർക്കാർ നൽകിയ നിർദ്ദേശം പൂർണ്ണമായും പാലിച്ചില്ല. ചുവടെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണവേളയിലാണ് അവയുടെ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങിയത്.

ഏനാദിമംഗലം സി.എച്ച്.സി വാക്സിനേഷൻ സെന്ററിന്റെ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥ ആയി പദ്ധതി (S77/22) നടപ്പാക്കിയിരുന്നു. വെയിറ്റിംഗ് ഷെഡ് ഇന്റർലോക്ക് ചെയ്യുന്നതിനുള്ള ഇനം കൂടി ഉൾപ്പെടുത്തി 15.2.2022 ൽ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങി. പ്രവൃത്തി 16.2.2022 ൽത്തന്നെ പൂർത്തീകരിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥ ആയുള്ള കൊച്ചുവിളപ്പടി അട്ടക്കുളം റോഡ് റീടാറിംഗ് എന്ന പ്രവൃത്തി 30.1.22 ൽ പൂർത്തീകരിച്ചിരുന്നു. എന്നാൽ റോഡിന്റെ വളവും ഇറക്കവും വരുന്ന 59 മീറ്റർ ഭാഗം മഴയത്ത് തകർന്ന് പോയതിനാൽ ടി ഭാഗത്ത് റീടാറിംഗിന് പകരം ടാറിംഗ് ഉൾപ്പെടുത്തി 15.2.22 ൽ ആണ് എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങിയത്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായശേഷമോ, പ്രവൃത്തി പൂർത്തിയാകുന്ന ഘട്ടത്തിലോ എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം നൽകാവുന്നതല്ല എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലൂടെ സർക്കാർ നൽകിയ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഇത് സംബന്ധിച്ച് 20.3.2022 ൽ 12-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി, അപാകം നടപ്പ് വർഷം മുതൽ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചു. കാലവിളംബം വരുത്താതെ തന്നെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 പശുവളർത്തൽ - സബ്സിഡി അധികം നൽകി

പ്രവാസികൾക്കും തൊഴിൽരഹിത യുവാക്കൾക്കും പശു വളർത്തലിന് (ഡയറി യൂണിറ്റ്) ധനസഹായം നൽകുന്നതിനായി ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി (S83/22) പ്രകാരം ഒരു ഗുണഭോക്താവിന് അർഹമായതിനേക്കാൾ 2500 രൂപ അധികം സബ്സിഡി നൽകി. വിശദാംശം ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 പിഎംഎവൈ - തുക കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചില്ല

പിഎംഎവൈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് 2021-22 ൽ തുക കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ഗഡുക്കൾ |
|---|---|---|
| സുലോചന, സുലോചന ഭവൻ | 146000 | 2 |
| അനുരാജ്, ശിവന്യ ഭവൻ | 48000 | 1 |
| വത്സല, ചരുവിള പുത്തൻവീട് | 48000 | 1 |
| അനിൽകുമാർ, അനിൽഭവനം | 146000 | 2 |
| മോനച്ചൻ, പടനിലത്ത് | 98000 | 1 |

| | | |
|---|---|---|
| സരസമ്മ, കിണറുവിള | 146000 | 2 |
| രഞ്ജിനി, ശ്രേയസ് വില്ല | 146000 | 2 |

ഗുണഭോക്താക്കൾ പണി പൂർത്തീകരിയ്ക്കുന്നതിനോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഏതാനും പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മോണിറ്ററിംഗും നടത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക (₹) | റിമാർക്ക്സ് |
|---|---|---|
| 124/22 - ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ മിനി അഡ്രസ്സ് സിസ്റ്റം സ്ഥാപിക്കൽ | 630000 | പിഡബ്ല്യുഡി ഇലക്ട്രോണിക്സിൽ നിക്ഷേപിച്ചു. പണി പൂർത്തിയാക്കിയിട്ടുണ്ട്. |
| 35/22 - വയോജന സൌഹൃദ ഗ്രാമം - (ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം) | 120000 | കൊടുമൺ ഗ്രാമപ്പഞ്ചായത്തിനു 100000 രൂപയും പള്ളിക്കൽ ഗ്രാമപ്പഞ്ചായത്തിനു 20000 രൂപയും നൽകി |
| 07/22 - അഗതി ആശ്രയ പരിചരണ പരിപാടി - ബ്ലോക്ക് വിഹിതം | 200000 | കടമ്പനാട് ഗ്രാമപ്പഞ്ചായത്തിനു നൽകി |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ വാങ്ങി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-26 സി.എച്ച്.സി-യിലേക്ക് ഐസിയു ബെഡ്ഡിന് തുക ഒടുക്കിയെങ്കിലും ലഭിച്ചില്ല

ഏനാദിമംഗലം സിഎച്ച്സിയുടെ പ്രവർത്തനത്തിനാവശ്യമായ ICU COAT MODEL B എന്ന ഇനത്തിന് (ഐസിയുവിലേക്ക് ബെഡ്) വേണ്ടി 67273 രൂപ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഒടുക്കിയിട്ടുണ്ട്. "ഏനാദിമംഗലം സിഎച്ച്സിക്ക് ഉപകരണങ്ങൾ വാങ്ങൽ " (പ്രോജക്ട് നം.112/2022) എന്ന പ്രോജക്ട് പ്രകാരമാണ് തുക അടച്ചത്. എന്നാൽ നാളിതുവരെ ബെഡ്ഡ് ലഭിച്ചിട്ടില്ലായെന്ന്, ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിൽ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ടെന്നും KMSCLനെ അറിയിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചു.

ഐസിയു ബെഡ്ഡ് ലഭിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പശുവളർത്തൽ - സബ്സിഡി അധികം നൽകി

പ്രവാസികൾക്കും തൊഴിൽരഹിത യുവാക്കൾക്കും പശു വളർത്തലിന് (ഡയറി യൂണിറ്റ്) ധനസഹായം നൽകുന്നതിനായി ക്ഷീരവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 3780000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് (S83/22) ആവിഷ്കരിച്ചിരുന്നു. ഓരോ ഗുണഭോക്താവിനും രണ്ട് പശുക്കളെ വീതം (1 യൂണിറ്റ്) വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്. ജനറൽ വിഭാഗത്തിലുള്ള ശ്രീ സാബു ജോർജ്, മലയിൽ തോപ്പിൽ, മങ്ങാട്, ഇളമണ്ണൂർ പി.ഓ എന്ന ഗുണഭോക്താവിന് 60000 രൂപ സബ്സിഡി നൽകിയിട്ടുണ്ട് (Bill Reference Number 646037/ 12.11.2021 60000). എന്നാൽ രണ്ട് പശുക്കളെ ഗുണഭോക്താവിന് വിറ്റതിന് അജ്ഞലി.ജി.ആർ, മുരുപ്പേൽ വടക്കേതിൽ, പുതുമല പി.ഓ, ഏഴംകുളം എന്നയാൾക്ക് ടിയാളുടെ വിലച്ചീട്ട് പ്രകാരം 115000 രൂപയാണ് നൽകിയിട്ടുള്ളത്. ഇതിന്റെ 50

% ആയ 57500 രൂപയാണ് ശ്രീ സാബു ജോർജിന് അർഹമായ സബ്സിഡി. എന്നാൽ 60000 രൂപ സബ്സിഡി നൽകി. അപാകം സംബന്ധിച്ച് 23.3.2023 ൽ 23-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി, അർഹമായതിനേക്കാൾ 2500 രൂപ അധികം സബ്സിഡി നൽകിയത് ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ 2500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധിക സബ്സിഡി നൽകിയതിന് ഈ റിപ്പോർട്ടിലെ ഖണ്ഡിക നം.4-9ൽ പേര് പരാമർശിക്കുന്ന ഉദ്യോഗസ്ഥൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1274000 | 01/22പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജന (ഗ്രാമീൺ)-ജനറൽ | 1274000 | 0 |
| | 686000 | 23/22 പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജന (ഗ്രാമീൺ)-എസ്.സി.പി | 686000 | 0 |
| | 1100000 | 24/22പിഎംഎ വൈ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ ജനറൽ | 1100000 | 0 |
| | 925000 | 25/22പിഎംഎ വൈ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങൽ എസ്.സി.പി | 925000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രോജക്ട് നം./ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക് |
|---|---|---|---|---|---|
| KWA | 110/22 ഏഴംകുളം-വയല കോളനിയിൽ (വാർഡ് 16) പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 600000 | 457477 | 142523 | പ്രവൃത്തി പൂർത്തീകരിച്ചു |
| | 61/22 - ബ്ലോക്ക് പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1293000 | 1118048 | 174952 | പ്രവൃത്തി പൂർത്തീകരിച്ചു |
| PWD | 124/22 - ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാളിൽ | 630000 | 0 | 630000 | പ്രവൃത്തി പൂർത്തീകരിച്ചു. UC കിട്ടിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | മിനി അഡ്രസ് സിസ്റ്റം സ്ഥാപിക്കൽ | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|
| 1999-00 | 12 | 2001-02 | അയൽക്കൂട്ട രൂപീകരണം - രജിസ്റ്ററുകളും ബുക്കുകളും വാങ്ങി നൽകിയത് | പരാമർശം നിലനിൽക്കുന്നു. |
| 2002-03 | 3-3 | 2006-07 | ഭവന നിർമ്മാണ പദ്ധതി ഫയലുകൾ ഓഡിറ്റിനു ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| 2002-03 | 3-4 | 20006-07 | മരാമത്ത് പ്രവൃത്തികൾ - വൌച്ചറുകളും രേഖകളും ഹാജരാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. |
| 2006-07 | 2-6 | 2010-11 | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2007-08 | 3-1 | 2010-11 | വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2003-04 | 2-8. | 2007-08 | പാറക്കുഴി - പറമ്പിക്കുഴി എലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 125351725 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 115758054 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 691150 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2500 | ശ്രീ കെ.പ്രദീപ് കുമാർ, ക്ഷീരവികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 178650 | ശ്രീ റോഷൻ ജോർജ്ജ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-16 | 500000 | ശ്രീ കെ.ആർ. രാജശേഖരൻനായർ, സെക്രട്ടറി |
| 1-20 | 12500 | ശ്രീമതി റാണി പി.ജി. പട്ടികജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റോഷൻ ജോർജ്ജ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | തച്ചിരേത്ത് റോസ് കോട്ട്, കിഴക്കേതെരുവ് പി. ഒ, കൊട്ടാരക്കര |
| ശ്രീ കെ.ആർ. രാജശേഖരൻനായർ, സെക്രട്ടറി | സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | കുറ്റിക്കാട്ടിൽ വീട്, ചന്ദനത്തോപ്പ് പി ഒ, കൊല്ലം, 691014 |
| ശ്രീമതി റാണി പി.ജി. | പട്ടികജാതി വികസന | പാലവിളയിൽ, അങ്ങാടിക്കൽ സൗത്ത്, |

| | | |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ഓഫീസർ, പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | കൊടുമൺ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07 | 2 |
| 2004-05 | എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07 | 9<br>(3-6, 3-10, 3-11, 3-12, 3-17, 3-18, 3-21, 3-23, 3-24) |
| 2005-06 | എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07 | 10 |
| 2006-07 | എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09 | 1 (2-13) |
| 2008-09 | എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11 | 7 |
| 2009-10 | എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12 | 3 |
| 2010-11<br>&<br>2011-12 | എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13 | 13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14 | 9 |
| 2013-14 | എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15 | 4<br>(2-1, 3-8, 3-10, 3-14) |
| 2014-15 | കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16 | 7<br>(2-1, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2015-16 | കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17 | 5<br>(2-1, 3-3, 3-4, 3-7, 3-13) |
| 2016-17 | കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17 | 11 |
| 2017-18 | കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19 തീയതി 10.05.2019 | 8 |
| 2018-19 | കെ.എസ്സ്.എ.പി.റ്റി.എ.പി12/862/19 തീയതി 11.10.2019 | 6<br>(1-12,1-13, 1-16, 1-17, 1-18, 1-19) |
| 2019-20 | കെ.എസ്സ്.എ.പി.റ്റി.എ.പി12/914/21 തീയതി 23.01.2022 | 2 |
| 2020-21 | കെ.എസ്സ്.എ.പി.റ്റി.എ.പി12/915/21 തീയതി 23.01.2022 | 7 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
പത്തനംതിട്ട

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്